LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 3, തിങ്കൾ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 1986 നവംബർ മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

നഴ്സിംഗ് വിദ്യാർത്ഥിനികളുടെ സ്റ്റൈപ്പെൻറ്

* 164. [183] ശ്രീ. വി. കേശവൻ :
,, ജി. വരദൻ :
,, എം. ജിനദേവൻ :
,, ടി. കെ. ആറുമുഖൻ :
ശ്രീമതി ഗൗരിക്കുട്ടി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് എത്ര രൂപയാണ് സ്റ്റൈപ്പെൻറ് നൽകിക്കൊണ്ടിരുന്നത് ;

(ബി) നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് നൽകിക്കൊണ്ടിരുന്ന സ്റ്റൈപ്പെൻറും, യൂണിഫോറം അലവൻസ് തുടങ്ങിയ മറ്റ് സൗകര്യങ്ങളും നിർത്തലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിനു കാരണമെന്ത് ;

(ഡി) സ്റ്റൈപ്പെൻറ് നിറുത്തൽ ചെയ്തതിൽ വിദ്യാർത്ഥിനികൾക്കുള്ള പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവർക്ക് നൽകിവന്നിരുന്ന സ്റ്റൈപ്പെൻറ് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കാമോ ;

(എഫ്) നഴ്സിംഗ് വിദ്യാഭ്യാസം തുടങ്ങിയകാലം മുതൽക്ക് നിലവിലിരുന്ന ബോണ്ട് സമ്പ്രദായവും നിർത്തൽ ചെയ്തിട്ടുണ്ടോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) പ്രതിമാസം 150 രൂപ.

(ബി) 1987 മുതൽ സർക്കാർ നഴ്സിംഗ് സ്ക്കൂളിൽ നഴ്സിംഗിനു പ്രവേശനം നൽകുന്ന വിദ്യാർത്ഥിനികൾക്ക് സ്റ്റൈപ്പെൻറും യൂണിഫോറം അലവൻസും നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) സർക്കാർ നഴ്സിംഗ് സ്ക്കൂളിൽനിന്നും വിജയകരമായി നഴ്സസ് പരിശീലനം പൂർത്തിയായി വരുന്ന വിദ്യാർത്ഥിനികളെ അഞ്ചു വർഷക്കാലം സർക്കാർ സർവ്വീസിൽ സേവനം ചെയ്യണമെന്നുള്ള വ്യവസ്ഥ റദ്ദാക്കിയതുമൂലമാണ് ഇനിമേൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നൽകുന്നവർക്ക് സ്റ്റൈപ്പെൻറും യൂണിഫോറം അലവൻസും നൽകേണ്ടതില്ലെന്ന് തീരുമാനിക്കാൻ ഇടയായത്.

(ഡി) ഉണ്ട്.

(ഇ) ഇപ്പോഴത്തെ പരിശീലനം നൽകിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥിനികൾക്ക് സ്റ്റൈപ്പെൻറും യൂണിഫോറം അലവൻസും അവർ പാസ്സാകുന്നതുവരെയും തുടർന്നു ലഭിക്കുന്നതാണ്.

(എഫ്) നഴ്സിംഗ് പരിശീലനം വിജയകരമായി പൂർത്തിയായതിനു ശേഷം ഒരു വർഷത്തിനകം സർക്കാർ ആവശ്യപ്പെടുകയാണെങ്കിൽ അഞ്ചു വർഷക്കാലം സർക്കാർ സർവ്വീസിൽ സേവനം ചെയ്തുകൊള്ളാമെന്നുള്ള കരാർ വ്യവസ്ഥ ഇനിമേൽ നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. വി. കേശവൻ : ഗവൺമെൻറ് നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് കൊടുത്തുകൊണ്ടിരുന്ന സ്റ്റൈപ്പെൻറും യൂണിഫോറം അലവൻസും നിറുത്തലാക്കിയതിനെതിരായി സെക്രട്ടേറിയറ്റുപടിക്കൽ ഒരു സമരം നടക്കുകയാണ്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഈ പ്രശ്നം, സമരം ചെയ്യുന്ന സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിക്കുവാനുള്ള നിലപാട് ഗവൺമെൻറ് സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോഴും വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്ന നഴ്സിംഗ് വിദ്യാർത്ഥിനികൾ സെക്രട്ടേറിയറ്റിനുമുമ്പിലും മറ്റു പലയിടങ്ങളിലും സമരം ചെയ്യുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവരുമായി മുഖ്യമന്ത്രിയും ധനകാര്യ വകുപ്പു മന്ത്രിയുമൊക്കെ പല പ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നവരുടെ സ്റ്റൈപ്പെൻറിനെ സംബന്ധിച്ചോ, അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചോ യാതൊരു തടസ്സവുമില്ല. 1987 മുതൽ വരുന്ന വിദ്യാർത്ഥിനികൾക്കാണ് ഇത് ബാധകമാകുന്നത്.

ശ്രീ. വി. കേശവൻ : ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള അവരുടെ സമരത്തെ അങ്ങേയറ്റം ക്രൂരമായ നിലയിൽ അടിച്ചമർത്തുവാനാണ് ഈ ഗവൺമെൻറ് ശ്രമിക്കുന്നത്. അവരുടെ സത്യഗ്രഹപന്തൽ പൊളിച്ചുകളഞ്ഞുകൊണ്ട് അവരെ പെരുമഴയത്തിട്ട് കഷ്ടപ്പെടുത്തുകയാണ്. ഈ പ്രശ്നം അവരുടെ സംഘടനകളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കണം. കാരണം, അങ്ങ് ഇതുപോലുള്ള സമരങ്ങളുണ്ടാകുന്ന ഘട്ടങ്ങളിൽ മദ്ധ്യസ്ഥത വഹിച്ചുകൊണ്ട് പ്രശ്നം തീർക്കുന്നതായിട്ടൊക്കെ പ്രസംഗിക്കുന്നുണ്ട്. ആ നിലയിൽ ഇക്കാര്യം കൂടിയാലോചിച്ച് ചർച്ച ചെയ്ത് അത് പരിഹരിക്കുവാനാവശ്യമായിട്ടുള്ള ഉറപ്പുനൽകിക്കൊണ്ട് ഈ സമരം അവസാനിപ്പിക്കുവാൻ മുൻകൈ എടുക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെൻറിന് അവരുമായി കൂടിയാലോചിക്കുന്നതിന് യാതൊരു തടസ്സവുമില്ല. അവർ ഉന്നയിച്ചിട്ടുള്ള ഒരു ഡിമാൻറിനെക്കുറിച്ച് പറയുകയാണെങ്കിൽ അംഗീകരിക്കുവാൻ നിർവ്വാഹമില്ല. സർക്കാർ ഇൻസ്റ്റിറ്റ്യൂഷനിൽനിന്നും പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥിനികൾക്കും ജോലി കൊടുക്കണമെന്നുള്ളതാണ് അവർ ഉന്നയിച്ചിട്ടുള്ള ഡിമാൻറുകളിലൊന്ന്. 1976 വരെ അവരെ സെലക്ട് ചെയ്തിരുന്നത് പി. എസ്. സി. യാണ്. പി. എസ്. സി. സെലക്ടുചെയ്യുമ്പോൾ സംവരണവും മെറിറ്റുമൊക്കെ നോക്കിയാണ് സെലക്ട് ചെയ്തിരുന്നത്. സ്റ്റൈപ്പെൻറും മറ്റ് ആനുകൂല്യങ്ങളും കൊടുത്ത് പരിശീലനം കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവർ ഗവൺമെൻറിന്റെ സർവ്വീസിൽ വരാതിരുന്നതുകൊണ്ട് ബോണ്ട് വേണമെന്ന് ഗവൺമെൻറ് തീരുമാനിച്ചു. അവർ ജയിച്ചു വന്നാൽ പി. എസ്. സി. നോട്ടിഫൈ ചെയ്തുകഴിയുമ്പോൾ പിന്നെ ഗവൺമെൻറിന് ആളുകളെ കിട്ടുകയില്ല എന്നുള്ളതുകൊണ്ടാണ് അങ്ങനെ ഒരു തീരുമാനമെടുത്തത്, പാസ്സായി വരുന്ന മുഴുവൻ ആളുകൾക്കും ജോലി കൊടുക്കുവാൻ വേക്കൻസിയില്ല. ഇപ്പോൾ പാസ്സായിവരുന്ന വിദ്യാർത്ഥിനികൾ മാത്രമല്ല, ഇതിനുമുമ്പു ഉള്ളവർക്കുപോലും ജോലി കൊടുക്കുവാൻ വേക്കൻസിയില്ല. അപ്പോൾ പിന്നെ എങ്ങനെയാണ് അവർക്ക് ജോലി കൊടുക്കുന്നത് ? അതാണ് വിഷമം. അതുകൊണ്ട് ഈ ഡിമാൻറ് ഒഴിച്ച് ഏത് ഡിമാൻറിനെക്കുറിച്ചും ചർച്ചചെയ്യാനും തീരുമാനമെടുക്കാനും ഗവൺമെൻറ് ഒരുക്കമാണ്. അപ്പോൾ പിന്നെ മുഴുവൻ വിദ്യാർത്ഥികളെയും എടുക്കാൻ കഴിയുകയില്ല അതാണ് വസ്തുത. ആ ഡിമാൻറൊഴിച്ച് ഏത് ഡിമാൻറിനെ സംബന്ധിച്ചും ചർച്ചചെയ്യുന്നതിനും തീരുമാനം എടുക്കുന്നതിനും ഗവൺമെൻറ് ഒരുക്കമാണ്.

ശ്രീ. ജി. വരദൻ : സെക്രട്ടേറിയറ്റ് പടിക്കൽ നഴ്സിംഗ് വിദ്യാർത്ഥിനികളുടെ സമരം നടന്നുവരുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചുവോ ? വിദ്യാഭ്യാസം പൂർത്തിയായതിനുശേഷം സ്ഥിരമായി പണി കൊടുക്കുവാൻ വേണ്ടിയുള്ള ഡിമാൻറുമാത്രം അംഗീകരിക്കുവാൻ നിവൃത്തിയില്ല, മറേറതു ഡിമാൻറുവേണമെങ്കിലും അംഗീകരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞു. അതിൽ എന്തെങ്കിലും ന്യായമുണ്ടോ ? വിദ്യാഭ്യാസം പൂർത്തിയായിക്കഴിഞ്ഞാൽ അതിനനുസരിച്ച് അവർക്ക് ജോലി കിട്ടണം, അതാണവരുടെ ആവശ്യം. ജോലിക്കുവേണ്ടി പല സംസ്ഥാനങ്ങളിലും പോകുന്നത് ശരിയല്ല. അതുകൊണ്ട് അതിനുവേണ്ട അടിയന്തിര നടപടിയെടുക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെൻറിനു സമരം നടത്തുന്ന വിദ്യാർത്ഥികളോട് വളരെ സഹതാപമാണുള്ളത്. പക്ഷേ പാസ്സായിവരുന്ന മുഴുവൻ വിദ്യാർത്ഥിനികൾക്കും ജോലി വേണമെന്നുപറഞ്ഞാൽ അംഗീകരിക്കുവാൻ നിവൃത്തിയില്ല. 1976 നുശേഷം പാസ്സാകുന്ന വിദ്യാർത്ഥിനികളെ പി. എസ്. സി. യാണ് സെലക്ട് ചെയ്യുന്നത്. ഒൻപത് ഗവൺമെൻറ് ഇൻസ്റിറ്റിറ്റ്യൂഷനിൽനിന്നും മെരിറ്റ് അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. അൻപത് പ്രൈവറ്റ് ഇൻസ്റിറ്റിറ്റ്യൂഷനിൽ അൻപത് ശതമാനം മെരിറ്റ് അടിസ്ഥാനത്തിലും അൻപതുശതമാനം മാനേജ്മെൻറ് അടിസ്ഥാനത്തിലുമാണ് സെലക്ട് ചെയ്യുന്നത്. പി. എസ്. സി. യാണെങ്കിൽ ഇവരെ മെരിറ്റ് നോക്കിയാണ് സെലക്ട് ചെയ്യുന്നത്. പി. എസ്. സി. യുടെ കർക്കശമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് ഈ നിലപാട് എടുക്കുവാൻ തീരുമാനിച്ചത്.

ശ്രീ. ജി. വരദൻ : നമ്മുടെ സംസ്ഥാനത്ത് ജോലി കിട്ടാത്തതുകൊണ്ട് സംസ്ഥാനത്തിന് പുറത്ത് നമ്മുടെ നഴ്സുമാർ പോകുന്നതുകൊണ്ട് അവർക്ക് മോശമായ രീതിയിലുള്ള കഷ്ടങ്ങളും നഷ്ടങ്ങളുമുണ്ടാകുന്നതായി പത്രങ്ങളിലൊക്കെ വാർത്തകൾ വരുന്നുണ്ട്. ഇത് കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ അനസ് നിലനിറുത്തുന്നതിനുവേണ്ടി, അത് തടയാൻവേണ്ടി ഇവിടെ ജോലി കൊടുക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : നഴ്സിംഗ് വിദ്യാർത്ഥിനികളെ തെരഞ്ഞെടുത്ത് സൗജന്യവിദ്യാഭ്യാസവും, ഹോസ്റൽ സൗകര്യവും മറേറാനുകൂല്യങ്ങളും നൽകി പരിശീലനം നൽകുമ്പോൾ ഗവൺമെൻറിന് പല സാമ്പത്തിക ബാദ്ധ്യതകളും വരും. അതുകൊണ്ടാണ് പരിശീലനം പൂർത്തിയായതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ഒരു വർഷത്തിനകം സർക്കാർ ആവശ്യപ്പെട്ടാൽ അഞ്ചുവർഷക്കാലത്തേക്ക് സർക്കാർ സേവനം അനുഷ്ഠിക്കണമെന്ന് തീരുമാനിച്ചത്. കുറേക്കഴിഞ്ഞപ്പോഴാ അത് ആവശ്യമില്ലെന്ന് വന്നു. പാസ്സാകുന്നവർക്കെല്ലാം ജോലി നൽകാൻ ഗവൺമെന്റിന് കഴിയാതെ വന്നു. ബോണ്ടിരിക്കുന്നതുകൊണ്ട് സർക്കാരും ജോലിതരില്ല, പുറത്തുപോയി ജോലി ചെയ്യാനും കഴിയില്ല എന്ന സ്ഥിതിയായി. ഇങ്ങനെ പാസ്സായ വിദ്യാർത്ഥികളുടെ മുൻകാലനിവേദനം ആധാരമാക്കിക്കൊണ്ടാണ് 1987 മുതൽ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥിനികളെ ബോണ്ടിന്റെ വ്യവസ്ഥയിൽ നിന്ന് മാറ്റിയത്. ഇപ്പോഴാ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥിനികളാ പാസ്സാകുന്നതുവരെ അവർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളെല്ലാം തുടർന്നും ലഭിക്കും. പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥിനികൾക്കും ജോലികൊടുക്കണമെന്നുള്ള ഡിമാന്റൊഴികെ ബാക്കിയെല്ലാആനുകൂല്യങ്ങളും ഇവർക്ക് നീലനിറുത്താനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് നൽകിക്കൊണ്ടിരുന്ന സ്റ്റൈപ്പന്റും യൂണിഫോറം അലവൻസുമൊക്കെ നിറുത്തലാക്കിയതുമൂലം സർക്കാരിന് എത്ര രൂപയാണ് ലാഭമുണ്ടാകാൻ പോകുന്നത് ? അതുപോലെ സ്വകാര്യമേഖലയിൽ പതിനൊന്ന് നഴ്സിംഗ് സ്കൂളുകളാ ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിലല്ലേ ബോണ്ട് സിസ്റ്റം നിറുത്തലാക്കിയത് ?

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെന്റിന്റെ മുമ്പിൽ പതിനൊന്ന് സ്വകാര്യ നഴ്സിംഗ് സ്കൂളുകളുടെ അപേക്ഷകളാ വന്നിട്ടുണ്ട്. അതിന് അനുമതി കൊടുക്കേണ്ടെന്നാ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അപേക്ഷകളാ മുഴുവൻ നിരസിച്ചിരിക്കുകയാണ്. നഴ്സിംഗ് കോഴ്സ് പാസായി നിൽക്കുന്ന കുട്ടികളുടെ ഇപ്പോഴത്തെ ബുദ്ധിമുട്ട് കണ്ടിട്ടാണ് നിരസിച്ചത്. ഇപ്പോഴാ അൻപത് പ്രൈവറ്റ് നഴ്സിംഗ് സ്കൂളുകളാ നടക്കുന്നതിന്റെ ഇടയിൽ ഇനിയും പതിനൊന്നെണ്ണംകൂടി നിലവിൽ വന്നാൽ വീണ്ടും തൊഴിലില്ലായ്മ വർദ്ധിക്കുമെന്നുള്ളതുകൊണ്ട് ആ അപേക്ഷകളാ മുഴുവനും ഗവൺമെന്റ് നിരസിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ ഒൻപത് സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ ഇരുനൂറിനെഴുപതു വിദ്യാർത്ഥിനികളാ ഉണ്ട്. അവർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളാ കൊണ്ടുവരുന്ന സാമ്പത്തിക ബാദ്ധ്യത കൃത്യമായി ഇപ്പോഴാ കണക്കുകൂട്ടുവാൻ പ്രയാസമാണ്. നൂറ്റി അൻപതു രൂപ പ്രതിമാസ അലവൻസും നൂറു രൂപവച്ച് വാർഷിക യൂണിഫോറം അലവൻസും 270 പേർക്ക് ഇപ്പോഴാ കൊടുക്കുന്നുണ്ട്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : നഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് ആനുകൂല്യം കൊടുക്കുന്നതിന് പ്രതിവർഷം വളരെ തുച്ഛമായ തുകയേ ആവുകയുള്ളൂ. ഓരോ വർഷവും 225 പേരാണ് ചേരുന്നത്. അങ്ങനെ ഓരോ വർഷത്തെ ക്ലാസ്സിലും 225 പേർ വച്ച് അറുനൂറിൽ ചിലപ്പാനം കുട്ടികളേ ഒരു വർഷം കാണുകയുള്ളൂ. അവർക്ക് നൂറ്റിയൻപത് രൂപ അലവൻസും വാർഷിക അലവൻസ് നൂറു രൂപയും കൊടുക്കും. അതിന് വളരെ തുച്ഛമായ തുകയെ ആവുകയുള്ളൂ. അതല്ലേ സത്യം ? ഒൻപതു പ്രൈവറ്റ് സ്കൂളുകളുടെ അംഗീകാരം കൊടുക്കാതിരുന്നത്, ഈ സമരം തുടങ്ങിയതിനുശേഷമാണ്. വസ്തുതകളാ വളച്ചൊടിക്കരുത്. എനിക്ക് ചോദിക്കുവാനുള്ളത്, നമ്മുടെ രാജ്യത്ത് ജനാധിപത്യമര്യാദയനുസരിച്ച് സമരം ചെയ്യാൻ അവകാശമുണ്ട്. ആ കുട്ടികളാ ഉയർത്തിയിട്ടുള്ള മുദ്രാവാക്യങ്ങളാ ആർക്കും നിഷേധിക്കുവാൻ ആകില്ല. അത് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളാ നഷ്ടപ്പെടുന്നതിനെതിരായിട്ടുള്ള സമരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ സമരം നടത്തുന്ന കുട്ടികളുടെ ഷെഡ്ഡിനെ പൊളിച്ചുകളയാൻ മുഖ്യമന്ത്രി ഫോൺ ചെയ്തിരിക്കുന്നു. രണ്ടായിരം രൂപ വിലയുള്ള ടാർപാളിൻ വാടകയ്ക്കെടുത്ത് ഉണ്ടാക്കിയ ഷെഡ്ഡിനെയാണ്. അവർ പൊളിച്ചു മാറ്റിയത്. മുന്നൂറു പോലീസുകാരും മൂന്നു സി. ഐ. മാരും ഏഴ് എസ്. ഐ. മാരും കൂടി ചെന്നു വലയം സൃഷ്ടിച്ചുനിന്നുകൊണ്ട് ഷെഡ് പൊളിച്ച് ടാർപാളിൻ മോഷ്ടിച്ചുകൊണ്ടുപോയി. ഇവിടെ എത്രയോ സമരങ്ങൾ നടന്നിട്ടുണ്ട്, എത്രയോ ഷെഡ്ഡുകൾ കെട്ടിയിട്ടുണ്ട് ? ഈ പെൺകുട്ടികളോട് ഇത്രയും പരാക്രമം കാണിക്കുവാൻ കാരണമെന്താണ് ? പോലീസുകാർ മോഷ്ടിച്ചുകൊണ്ടുപോയ ടാർപാളിൻ തിരിച്ചുകൊടുക്കണം. പെൺകുട്ടികളെ കള്ളക്കേസിൽ പെടുത്തിയ പോലീസുകാർക്കെതിരായി കേസെടുക്കണം. അർദ്ധരാത്രിയിൽ കുട്ടികൾ കിടന്നുറങ്ങുമ്പോൾ അവരുടെ ഷീറ്റു കളുംപ്പെടെ പോലീസുകാർ എടുത്തുകൊണ്ടുപോയിരിക്കുന്നു. അത് തിരിച്ചുകൊടുക്കുവാനും കുറ്റം ചെയ്ത ആളുകൾക്കെതിരായി നടപടി എടുക്കുവാനും ഗവൺമെന്റ് തയ്യാറാകണം. ഇതിനൊക്കെ മുഖ്യമന്ത്രിയാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. എന്തും കാണിക്കുന്ന ഈ തോന്ന്യാസം ഇവിടെ അനുവദിക്കില്ല.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഗവൺമെന്റിനും ഈ പെൺകുട്ടികളോട് സഹതാപമുണ്ട്. പക്ഷെ ഗവൺമെന്റിന്റെ ഒരു നയമെന്ന നിലയിൽ സെക്രട്ടേറിയറ്റിനു മുമ്പിൽ റോഡിലിറക്കി പന്തലുകൾകെട്ടി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന, ഗതാഗത തടസ്സമുണ്ടാകുന്ന രീതിയിൽ സമരം ചെയ്യുന്നത് അനുവദിക്കാറില്ല. നമ്മുടെ സെക്രട്ടേറിയറ്റിനു മുമ്പിൽ വളരെയധികം സമരങ്ങൾ നടക്കുന്നുണ്ട്. നമ്മുടെ എം. ജി. റോഡിന്റെ സ്ഥിതി എല്ലാവർക്കു മറിയാം. അത് വളരെ 'നാരോ' ആണ്. ഗതാഗത തടസ്സങ്ങൾ ഉണ്ടാക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുകൊണ്ടാണ്, റോഡിലേക്കിറക്കി സത്യാഗ്രഹ പന്തലുകൾ കെട്ടുന്നത് അനുവദിക്കേണ്ടാ എന്ന് തിരുമാനിച്ചത്. ഈ പെൺകുട്ടികളോട് സഹതാപമുള്ളതുകൊണ്ടുതന്നെയാണ്. പന്തല് പൊളിക്കണ്ടാ എന്ന് തീരുമാനിച്ചത്. സമരം ചെയ്യുന്നവർ കുറെ ത്യാഗങ്ങൾ സഹിക്കണം. പന്തലുകെട്ടി സുഖമായിട്ടല്ല സമരം ചെയ്യേണ്ടത്. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ പന്തലുകൾ കെട്ടുന്നതിനെ തടയണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. പക്ഷേ ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ ഒക്കെ അവിടെ പോയിരുന്നതുകൊണ്ട് ഈ പെൺകുട്ടികളോട് ഒരു കൺസിഡറേഷൻ കാണിച്ചു എന്നേയുള്ളൂ.

ശ്രീ. കെ. പി. രാമൻ : ഗവൺമെന്റിന്റെ സെലക്ഷൻ ലഭിച്ച് നെഴ്സിംഗ് പരിശീലനം കഴിഞ്ഞശേഷം നമ്മുടെ സംസ്ഥാനത്ത് ധാരാളം നെഴ്സുമാരെ താൽക്കാലികമായി നിയമനം നടത്തിയിട്ടുണ്ട്. ഇത്തരക്കാരെ ഇന്ന് സ്ഥിരപ്പെടുത്താതിരിക്കാനുള്ള കാരണമെന്താണ് ?

ശ്രീ. തച്ചടി പ്രഭാകരൻ : താൽക്കാലിക നിയമനം ഒന്നുകിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയോ അല്ലെങ്കിൽ അതുപോലുള്ള മറ്റേതെങ്കിലും രീതിയിലോ ആണ്. അവരെ സ്ഥിരപ്പെടുത്താനാവില്ല. പബ്ലിക് സർവ്വീസ് കമ്മിഷൻ തെരഞ്ഞെടുക്കുന്ന എല്ലാ ആളുകൾക്കും സ്ഥിരമായി ജോലി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. കെ. പി. പ്രഭാകരൻ : ഇപ്പോൾ പാസായി വരുന്ന നെഴ്സുമാരുടെ ജോലി ആവശ്യമനുസരിച്ചാണെന്നാണ് മന്ത്രി പറയുന്നത്. നൂറു ശതമാനം നെഴ്സുമാരും അംഗങ്ങളായിട്ടുള്ള ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള നെഴ്സസ്

LIBRARY ARCHIVES Kerala Legislative Assembly

അസോസിയേഷൻ നെഴ്സിംഗ് വിദ്യാർത്ഥിനികളുടെ ആനുകൂല്യങ്ങൾ നിർത്തലാക്കിയതിനെ എതിർത്തിരിക്കുകയാണ്. അവരുടെ പഴയ നില പുനഃസ്ഥാപിക്കണമെന്നാണ് അവരുടെ അസോസിയേഷൻ ആവശ്യപ്പെടുന്നത്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ 1976-ലെ നിർദ്ദേശം പത്തു കൊല്ലമായിട്ടും ഇവിടെ തുടർന്നു വന്നിരുന്ന കാര്യം ഇത്ര ധൃതിപിടിച്ച് നിർത്തലാക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച ചേതോവികാരം എന്താണ്? 1987-ലെ നടപ്പാക്കുകയുള്ളു എന്നാണ് മന്ത്രി പറയുന്നത്, 1987-ൽ നടപ്പാക്കേണ്ട കാര്യം ഈ ഗവൺമെന്റ് തീരുമാനിക്കേണ്ട കാര്യമെന്താണ്? അത്, 1987-ൽ വരുന്ന പുതിയ ഗവൺമെന്റിനു വിട്ടുകൊടുത്തുകൊണ്ട് ഇതുവരെ തുടർന്നുവന്നിരുന്ന സൗജന്യം പുനഃസ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോഴത്തെ പരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്കു ബോണ്ട് കൊടുക്കുന്നതിന് പകരമായി ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ നിലവിലുണ്ട്. ഹോസ്റ്റൽ സൗകര്യം ഫ്രീയാണ്, ട്യൂഷൻ ഫീസ് ഇല്ല. 1987-ൽ വരുന്ന ഗവൺമെന്റിന് ഇത് വേണ്ടെങ്കിൽ അപ്പോൾ അതു മാറ്റാം. ആ കാര്യത്തിൽ ഒരു സംശയവും വേണ്ട. നഴ്സിംഗ് വിദ്യാർത്ഥിനികളുടെ ഡിമാന്റുകളെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന, ആനുകൂല്യങ്ങളോടെ പ്രവേശനം നൽകിയിട്ടുള്ള വിദ്യാർത്ഥികളുടെ യാതൊരു വിധമായ ആനുകൂല്യങ്ങളും ഈ ഗവൺമെന്റ് എടുത്തുകളഞ്ഞിട്ടില്ല. 1987-ൽ വരുന്ന ഗവൺമെന്റിന് ഇതു വേണ്ടെങ്കിൽ മാറ്റുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. കെ. മുസ്സക്കുട്ടി : ആതുര സേവന രംഗത്ത് പ്രവർത്തിക്കുവാൻ തയ്യാറായി വരുന്ന വിദ്യാർത്ഥിനികളെ ആദ്യം തന്നെ സമരത്തിലേക്ക് തള്ളിവിടുന്നത് ഈ ഗവൺമെന്റിന് ഭൂഷണമല്ല. അതുകൊണ്ട് ഈ പ്രശ്നം ഏകപക്ഷീയമായി, ഗവൺമെന്റ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് പത്തു കൊല്ലം കഴിഞ്ഞിട്ടും ഇപ്പോഴും പെട്ടെന്ന് ബോണ്ട് സമ്പ്രദായം നിർത്തൽ ചെയ്ത നടപടി പിൻവലിച്ച് ഇതിന്റെ സംഘടനാപ്രതിനിധികളുമായി ചർച്ച ചെയ്ത്, ഇതിന് ഉറപ്പുണ്ടാകുന്ന സമയംവരെ ഈ തീരുമാനം താൽക്കാലികമായി നിർത്തിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തച്ചടി പ്രഭാകരൻ : പബ്ലിക് സർവ്വീസ് കമ്മീഷൻ പലപ്പോഴും നിർദ്ദേശിച്ചിട്ടും ഗവൺമെന്റ് അത് കാര്യമായി പരിഗണിച്ചില്ല എന്നതിന്റെ അടിസ്ഥാനത്തിൽ അടുത്തകാലത്ത് വളരെ കർശനമായ രീതിയിൽ അവർ ഈ നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചു ബോണ്ട് സമ്പ്രദായം നിർത്താൻ കാരണം, ഇവിടെ വളരെയധികം അൺഎംപ്ലോയ്മെന്റ് നിലവിലിരിക്കുന്നു എന്നതാണ്. പ്രതിവർഷം 270 പേർ ഗവൺമെന്റ് സ്കൂളിൽ നിന്നും 1200 പേർ സ്വകാര്യ മേഖലയിൽ നിന്നും പുറത്തുവരുന്നുണ്ട്. അൺഎംപ്ലോയ്മെന്റ് വർദ്ധിക്കുന്നത് പ്രോൽസാഹിപ്പിച്ചുകഴിഞ്ഞാൽ അവിടെയും സമരങ്ങൾ ഉണ്ടാകും. അത് കഴിയുന്നത്ര നിരുൽസാഹപ്പെടുത്തുക എന്ന അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഈ തീരുമാനമെടുത്തത്".

ശ്രീ. കാനം രാജേന്ദ്രൻ : നെഴ്സിംഗ് പരിശീലനം കഴിഞ്ഞ് പുറത്തിറങ്ങുന്ന വിദ്യാർത്ഥിനികൾക്ക് നിയമനം കൊടുക്കുന്നതു സംബന്ധിച്ച് ഒരു നിബന്ധനയുണ്ട് എന്ന് ഇവിടെ പറയുകയുണ്ടായി. എന്നാൽ ഈ വിദ്യാർത്ഥിനികൾ തന്നെ ഹൈക്കോർട്ടിൽ പോയതിന്റെ ഫലമായി ലൈവ് ബോണ്ട് ഉള്ള വിദ്യാർത്ഥികളെ നിയമിക്കണമെന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

വിധി പുറപ്പെടുവിച്ചത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആ വിധിയുടെ അടിസ്ഥാനത്തിൽ ഇതുവരെ ബോണ്ടുള്ള വിദ്യാർത്ഥികളെ നിയമിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഹൈക്കോടതിയിൽ നിന്ന് ഇങ്ങനെ ഒരു നിർദ്ദേശം വന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷെ ഇതിലെ ഒരു മാനുഷിക പ്രശ്നം, ഇപ്പോഴും പഠിക്കുന്ന വിദ്യാർത്ഥികളാണ് സമരം ചെയ്യുന്നത്. അതിനുമുമ്പ് ആറു വർഷം വരെ പഠിച്ചിട്ടുള്ളവർക്കു പോലും ഇതുവരെ പി. എസ്. സി. വഴി ജോലികൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഉള്ളവർ പറയുന്നത് ഞങ്ങളെല്ലാം പരിശീലനം കഴിഞ്ഞ് വരുമ്പോഴേക്കും ഉടൻ പണി തരണമെന്നാണ്. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ പറഞ്ഞതുപോലെ നേരത്തെ നേഴ്സസ് അസോസിയേഷൻ ഇവിടെ ആവശ്യപ്പെട്ടിട്ടുണ്ട്. ആറു വർഷം മുമ്പു വരെ പഠിച്ച് പാസ്സായവർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം കൊടുക്കാൻ സാധിച്ചിട്ടില്ല. അത്രയും വേക്കൻസി നമുക്ക് ഉണ്ടാകുന്നില്ല. ഇപ്പോഴും പഠിക്കുന്ന കുട്ടികളും പറയുന്നത്, ഞങ്ങളും ജയിച്ചു കഴിഞ്ഞാൽ ഉടൻതന്നെ നിയമനം തരണമെന്നാണ്. അത് ഈ ഗവൺമെൻറിന് സാധിക്കുന്നതല്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിക്കുമ്പോൾ കമ്മ്യൂണൽ റിസർവേഷനും മറ്റു തത്വങ്ങളുമൊക്കെ പാലിച്ചുകൊണ്ട് എടുക്കുകയെന്നുള്ളത് ഗവൺമെൻറിൻെറ നയമാണ്. അതിൽനിന്ന് വ്യതിചലിക്കുന്ന പ്രശ്നമേയില്ല.

ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി : നെഴ്സിംഗ് വിദ്യാർത്ഥിനികളുമായി അടിയന്തിരമായി ചർച്ച ചെയ്ത് പാവപ്പെട്ട ഈ കുട്ടികളും നടത്തിവരുന്ന പ്രശ്നം പരിഹരിക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ? അവരോട് കാണിക്കുന്ന ക്രൂരത അവസാനിപ്പിച്ച് അൽപ്പം ദയ കാണിക്കുവാൻ മനസ്സുണ്ടാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് ഇവരുമായിട്ട് രണ്ടു പ്രാവശ്യം ചർച്ച നടത്തി. ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ അടക്കമുള്ള പ്രതിപക്ഷാംഗങ്ങളുടെ സാന്നിദ്ധ്യത്തിലാണ് ഞാൻ ചർച്ച ചെയ്തത്. അവർക്ക് മുഴുവൻ ജോലി കൊടുക്കണമെന്നു പറഞ്ഞാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ 1976-നുശേഷം എടുത്ത നയത്തിൻെറ അടിസ്ഥാനത്തിൽ സാധ്യമല്ലാത്ത കാര്യമാണ്. അവർക്ക് മുഴുവൻ ജോലികൊടുക്കുക എന്നുള്ള ഡിമാൻറ് മഴികെ മറേതു കാര്യത്തെക്കുറിച്ചും ചർച്ച ഇനിയുമാകാം. അവർക്ക് യൂണിഫോറം അലവൻസ് വർദ്ധിപ്പിക്കണമെന്നോ 150 രൂപ സ്റ്റൈപെൻഡ് വർദ്ധിപ്പിക്കണമെന്നോ അവർ ഡിമാൻഡിൽ പറഞ്ഞിട്ടില്ല. അവർ പറയുന്നത്, ഞങ്ങളും പഠിച്ചു കഴിഞ്ഞാൽ ഞങ്ങൾക്കെല്ലാം പണി തരണമെന്നാണ്. അത് ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സാദ്ധ്യമല്ല.

ശ്രീ. സി. ടി. കൃഷ്ണൻ : നെഴ്സിംഗ് വിദ്യാർത്ഥിനികൾക്ക് വർഷങ്ങളായി കൊടുത്തുവന്നിരുന്നതാണ്, അവരുടെ സ്റ്റൈപ്പെൻഡും യൂണിഫോറം അലവൻസും ഒക്കെ. ബോണ്ട് വ്യവസ്ഥയും അതിൽ നിന്ന് ഒഴിവാക്കി. നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നേടുന്നതിനു വേണ്ടിയാണ് ഈ സംഘട്ടനങ്ങളും പ്രകടനങ്ങളും മറ്റും. നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നത്തന്നെ ഇല്ലാതാക്കുന്ന നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. സഹകാര്യ മേഖലയെ പ്രോൽസാഹിപ്പിക്കുന്ന ഗവൺമെൻറിൻെറ ഒരു നയം എന്ന നിലയിൽ നെഴ്സിംഗ് വിദ്യാഭ്യാസരംഗവും സഹകാര്യ മേഖലയ്ക്ക് കീഴ്പ്പെടുത്തി സർക്കാർ മേഖല നിർജ്ജീവമാക്കുന്ന നടപടിയാണോ ?

2/1919/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ഞാൻ ഇത് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതാണ്, ഗവൺമെന്റിന് അങ്ങനെയുള്ള ഒരു നയവുമില്ല. പരിശീലനം പൂർത്തിയാക്കിയവരുടെ കാര്യത്തിൽ ഗവൺമെന്റിന് അവരെ ഉപയോഗപ്പെടുത്താൻ കഴിയാത്തതുകൊണ്ട് ജോലി കൊടുക്കാൻ സാധിക്കുന്നില്ലെന്നു മാത്രമേയുള്ളു. അക്കാര്യത്തിൽ മറ്റു പ്രത്യേക നയമൊന്നുമില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : സ്റ്റൈപ്പെൻഡ്, യൂണിഫോം, അലവൻസ് ബോണസ് സമ്പ്രദായം ഈ മൂന്നു മുഖ്യമായ വിഷയങ്ങളും ദീർഘകാലമായി അവർക്ക് അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരുന്നതാണ്. ആ ആനുകൂല്യങ്ങളും നിർത്തൽ ചെയ്യുകയും പരിശീലനം കഴിഞ്ഞു വരുന്നവർക്ക് ജോലി കിട്ടുമെന്നുള്ള ഉറപ്പിലാത്ത സാഹചര്യത്തിലുമാണ് ഇവിടെ സമരം ചെയ്യുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ നിലവിലുള്ള ആനുകൂല്യങ്ങളും നിഷേധിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയമാണോ ? സംസ്ഥാനമൊട്ടാകെ ഏകകണ്ഠമായി ഈ ആവശ്യം പുനഃസ്ഥാപിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് സമരങ്ങളും നടത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനമുണ്ടാക്കി പ്രശ്നം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കുകയോ ശ്രമം നടത്തുകയോ ചെയ്തിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഇപ്പോഴും പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ ഒരു രീതിയിലുള്ള ആനുകൂല്യങ്ങളും ഈ ഗവൺമെന്റ് കട്ട് ചെയ്തിട്ടില്ല. 1987 മുതൽ സ്റ്റൈപ്പെൻഡ് ഒഴിച്ചുള്ള ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടതുകൊണ്ട് വിദ്യാർത്ഥികളും കോഴ്സിന് ചേരാൻ വരുന്നില്ലെങ്കിൽ അപ്പോഴും അതിനെക്കുറിച്ച് ആലോചിക്കാം.

ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട്

* 165 [184] ശ്രീ. പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കണാരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അംഗീകാരം ലഭിച്ചതെന്നും അത് സ്ഥാപിക്കുന്നതിന് ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :
(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കുമാരൻ : കേന്ദ്ര ആരോഗ്യ സഹമന്ത്രിയായിരുന്ന ശ്രീ. എസ്. കൃഷ്ണകുമാർ, തിരുവനന്തപുരം ആയുർവേദ കോളേജിൽ വച്ച് കേരളത്തിൽ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും എന്ന് പ്രസ്താവിച്ചത് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly